അതിലേക്ക് ഐ.റ്റി.സിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹരിപ്പാട് ഐ.റ്റി.സിക്ക് വേണ്ടി വ്യവസായ വകുപ്പിൽ നിന്ന് എം.ആർ.എസ്സിനുവേണ്ടി കൈമാറി കിട്ടുന്ന സ്ഥലത്ത് സൗകര്യപ്രദമായി പുതിയ കെട്ടിടം നിർമ്മിക്കാനും പരിപാടിയുണ്ട്.

(ജി) അഖിലേന്ത്യാ മത്സരപരീക്ഷ വിജയിച്ച പട്ടികജാതി വിദ്യാർത്ഥികളിൽ വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.യിൽ നിന്നും വിജയിച്ചവർക്ക് മുൻഗണന നൽകിക്കൊണ്ട് എംപ്ലോയ്മെന്റ്-കം-ട്രെയിനിംഗ് സ്കീം, അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീം എന്നീ രണ്ട് ട്രെയിനിംഗ് സ്കീം നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ പ്രകാരം പഠിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിന് നൈപുണ്യം നേടുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുവാൻ ഇവരെ പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. ഈ പദ്ധതികളനുസരിച്ച് യഥാക്രമം പ്രതിമാസം 900 രൂപയും 1200 രൂപയും ഒരു വർഷക്കാലയളവിലേയ്ക്ക് സ്റ്റൈപന്റായി നൽകിവരുന്നു. ഇതിനുപുറമേ സർക്കാർ നടപ്പിലാക്കിവരുന്ന കുടിൽ വ്യവസായ ശൃംഖലാപദ്ധതി പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായവും ലഭിക്കുന്നു. കൂടാതെ സമൃദ്ധി കേന്ദ്രങ്ങളിൽ അംഗങ്ങളാകാനും ഇവർക്ക് മുൻഗണന ലഭിക്കും.

വിദ്യുച്ഛക്തി ചാർജ് വർദ്ധന

11 (*41) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വിദ്യുച്ഛക്തി ചാർജ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള വൈദ്യുതി ചാർജ്ജും ഉല്പാദനചെലവും താരതമ്യം ചെയ്ത് വിശദവിവരം വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) 1999-2000-ലെ താല്കാലിക കണക്കുകൾ പ്രകാരം ഒരു യൂണിറ്റ് വൈദ്യുതിയുടെ ശരാശരി വില്പന വില 155.78 പൈസയും ശരാശരി ഉല്പാദന ചെലവ് 220 പൈസയും ആണ്.

ശിരുവാണി ഡാമിലെ ജലവിഭജനം

12 (*42) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിരുവാണി ഡാമിലെ ജലവിഭജനം അളന്ന് തിട്ടപ്പെടുത്തുന്നതിന് തമിഴ്നാടിന്റെ ചെലവിൽ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശിരുവാണി ഡാമിൽനിന്ന് സംസ്ഥാനത്തിനനുവദിച്ച ജലം നഷ്ടമാകാതിരിക്കുന്നതിന് ശിരുവാണിയിൽ സംസ്ഥാനപ്രതിനിധിയെ നിയമിക്കാൻ നടപടി കൈക്കൊള്ളുമോ ;

(സി) ശിരുവാണി പദ്ധതിക്കുവേണ്ടി എത്ര ഏക്കർ ഭൂമിയാണ് തമിഴ്നാട് ഉപയോഗിക്കുന്നതെന്നും 1996-97 മുതൽ എന്ത് തുകയാണ് പ്രതിഫലമായി സംസ്ഥാനത്തിന് ലഭിച്ചതെന്നും വ്യക്തമാക്കുമോ ;

(ഡി) ശിരുവാണി പദ്ധതിയിൽനിന്നും എന്നു മുതലാണ് തമിഴ്നാട് ജലം കൊണ്ടുപോയി തുടങ്ങിയതെന്നും പദ്ധതി ഔദ്യോഗികമായി കമ്മീഷൻ ചെയ്തത് എന്നാണെന്നും വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ശിരുവാണി ഡാമിലെ 'ഇൻടേക് വെൽ' റിസർവോയറിന് അകത്തായതിനാൽ അവിടെവച്ച് വെള്ളത്തിന്റെ അളവ് എടുക്കാൻ കഴിയില്ല. ടണൽ എക്സിറ്റിൽ അളവെടുക്കുന്നതിനുള്ള യന്ത്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ശിരുവാണിയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കീഴിൽ ഒരു സബ് ഡിവിഷൻ ഓഫീസ് തന്നെ പ്രവർത്തിക്കുന്നുണ്ട്.

(സി) ശിരുവാണി പദ്ധതിക്കുവേണ്ടി 370 ഹെക്ടർ ഭൂമിയാണ് തമിഴ്നാട് ഉപയോഗിക്കുന്നത്. 1996-97 മുതൽ 1999-2000 വരെ 1,85,000 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) ശിരുവാണി പദ്ധതിയിൽനിന്നും 1984 മുതൽ തമിഴ്നാട് കരാറനുസരിച്ച് ജലം കൊണ്ടുപോകുന്നുണ്ട്. ഈ പദ്ധതി ഔദ്യോഗികമായി കമ്മീഷൻ ചെയ്തിട്ടില്ല.

മുല്ലപ്പെരിയാർ-പറമ്പിക്കുളം-അലിയാർ കരാറുകളെ സംബന്ധിച്ച അഡ്ഹോക് കമ്മിറ്റി ശുപാർശകൾ

13 (*43) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ ഡാമിലെ ജലവിതരണം ഉയർത്തണമെന്നുള്ള തമിഴ്നാടിന്റെ ആവശ്യത്തിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) ഇതു സംബന്ധമായി ഇപ്പോൾ സുപ്രീം കോടതിയിൽ നടന്നുവരുന്ന കേസ്സിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly